# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2824

06.11.2019-ലെ മറുപടി

### ജലദൗർലഭ്യം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണത്തിനു നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കാരാട്ട് റസാഖ്<br>,, കെ.ജെ. മാക്സി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തുണ്ടാകുന്ന ജലദൗർലഭ്യം പരിഹരിക്കുന്നതിന് മഴവെള്ള സംഭരണത്തിനുള്ള പ്രാധാന്യം എത്രത്തോളമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | മഴവെള്ള സംഭരണത്തിനുള്ള പ്രാധാന്യം എത്രത്തോളമാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന്, ജലം സംഭരിക്കുന്ന സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിനും ജലത്തിന്റെ സൂക്ഷ്മമായ വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ജലസാക്ഷരത ഉറപ്പുവരുത്തുന്നതിനും വേണ്ടി ആവിഷ്കരിച്ച 'ജലം ജീവാമൃതം' പദ്ധതിയുടെ ഭാഗമായി മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യമടക്കമുള്ള സന്ദേശങ്ങൾ ഉൾകൊള്ളിച്ച് തയ്യാറാക്കിയ കൈ പുസ്തകം വിതരണം നടത്തിക്കഴിഞ്ഞു. അതോറിറ്റിയുടെ കെട്ടിടങ്ങളിൽ സാധ്യമായ സ്ഥലങ്ങളിലെല്ലാം മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം സംഭരിച്ച് ഉപയോഗപ്പെടുത്തുന്ന സംവിധാനങ്ങൾ നിർമ്മിക്കുന്നതിന് പൊതു നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന 'മഴകേന്ദ്രം' എന്ന സ്ഥാപനം സംസ്ഥാനത്ത് 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തുകൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഗുണവശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഗ്രാമ സഭയിൽ അവതരിപ്പിക്കുകയും, ഗുണഭോക്താക്കളെയും ജന പ്രതിനിധികളെയും |
| (ബി) | തുലാവർഷക്കാലത്ത് മഴവെള്ള ശേഖരണം ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;അറിയിക്കാമോ; | | |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | പങ്കെടുപ്പിച്ച് കൊണ്ടുള്ള ശില്പ ശാലകൾ നടത്തുന്നുമുണ്ട്. പദ്ധതി നടപ്പാക്കുന്ന വിദ്യാലയങ്ങളിലെ കുട്ടികളെയും അധ്യാപകരെയും മഴവെള്ള സംഭരണത്തിൻറെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നുണ്ട്. മാത്രവുമല്ല ജലനിധി പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ രൂപീകരിച്ച സുലഭി ക്ലബുകൾ മുഖേന സ്കൂൾ കുട്ടികൾക്ക് മഴവെള്ളസംഭരണത്തിനും ജല സംരക്ഷണത്തിനുമുള്ള ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട് .<br>കൂടാതെ ഭൂജലസംരക്ഷണം വിനിയോഗം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങൾ, സ്കൂൾ വിദ്യാർത്ഥികൾ, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർക്കായി "ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും" എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ബോധ വൽക്കരണ സെമിനാറുകൾ എല്ലാ ജില്ലകളിലും അതാത് ഭൂജലവകുപ്പ് ജില്ലാ ഓഫീസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് വരുന്നു.<br>മേൽക്കൂര വഴിയുള്ള മഴവെള്ളക്കൊയ്ത്തിലൂടെ ഭൂജലവിതാനം ഉയർത്തുന്നതിന് റീചാർജ്ജ് പിറ്റ്/കിണർ നിറ പദ്ധതികൾ തുടങ്ങിയവ മുഖേന ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നതിനോടൊപ്പം അതാത് ജില്ലകളിൽ നടപ്പിലാക്കേണ്ട ഭൂജല സംപോഷണ പദ്ധതികളുടെ ലിസ്റ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകി വരുന്നു. |
| (സി) | ഭൂപ്രകൃതി അനുസരിച്ച് സാധ്യമായ സ്ഥലങ്ങളിൽ എല്ലാം മഴക്കുഴികൾ നിർമ്മിക്കുന്നതിനും കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിനും നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | കേരള വാട്ടർ അതോറിറ്റിയുടെ സ്രോതസ്സായ കുഴൽ കിണറുകൾ പല വിധ കാരണങ്ങൾ കൊണ്ട് ഉപയോഗ ശൂന്യമാകാറുണ്ട്. അത്തരം ഉപയോഗശൂന്യമായ സ്രോതസ്സുകളെ മഴ വെള്ളമുപയോഗിച്ച് റീചാർജ്ജ് ചെയ്യുന്ന പദ്ധതി ആലോചിച്ച് വരുന്നുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ ശുദ്ധീകരണശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷതൈകൾ നട്ടും, മഴകുഴികൾ നിർമ്മിച്ചും അത് പരിപാലിച്ചും ഭൂഗർഭജല വിതരണം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | മഴകേന്ദ്രത്തിൻറെ നേതൃത്വത്തിൽ മേൽക്കൂര -മഴവെള്ള സംഭരണ പദ്ധതി വീട്ടുകളിൽ നടപ്പിലാക്കുന്നതിനു പുറമെ കിണർ റീചാർജിംഗ് വിവിധ സർക്കാർ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണം , ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കുളങ്ങളുടെ നിർമ്മാണം ,മഴക്കുഴികളുടെ നിർമ്മാണം, ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് പരിപാടികൾ ജലനിധിയുടെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പരിപാടിക്കായി 12.31 കോടി രൂപ ചെലവഴിക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സർക്കാർ /സ്വകാര്യ സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണവും -ഭൂജല പരിപോഷണ പ്രവർത്തനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായവും അവശ്യഘട്ടങ്ങളിൽ ലഭ്യമാക്കി വരുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് പ്രളയവും,കൊടും വരൾച്ചയും മാറിമാറി നേരിടേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നതിനാൽ ജലസംഭരണത്തിന് ഏറ്റവും നൂതനവും ഫലപ്രദവുമായ മാർഗ്ഗങ്ങൾ അവലംബിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) | പ്രളയവും കൊടും വരൾച്ചയും മാറി മാറി വരുന്ന സാഹചര്യത്തിൽ സുസ്ഥിരമായ കുടിവെള്ള വിതരണം നടത്തുന്നതിനായി ചെറിയ കുടിവെള്ള വിതരണ പദ്ധതികളിൽ തടയണകൾ നിർമ്മിച്ച് ജലസംഭരണം സാധ്യമാകുന്ന പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിൽ വരുത്തുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ അധികാര പരിധിയിൽ വരുന്ന രണ്ട് അണക്കെട്ടുകളിൽ ജല ഉപയോഗം ഫലപ്രദമായി നടത്തുന്നതിന് സംവിധാനങ്ങൾ ഉണ്ട്. ഇവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മറ്റു വകുപ്പുകളുടെ സഹായത്തോടെ പദ്ധതികൾ നടപ്പിൽ വരുത്തുന്നുണ്ട്. വൃഷ്ടി പ്രദേശത്തെ മഴയുടെ അളവ് രേഖപ്പെടുത്തുന്ന റെയിൻ ഗേജ്, സംഭരണിയിലേക്കുള്ള ജല ഗമനത്തിന്റെ തോത് ലഭ്യമാക്കാൻ സഹായിക്കും. ജലസംഭരണികളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോണിക് ഉപകരണത്തിന്റെ സഹായത്തോടെ ഓരോ നിമിഷത്തെയും ജലനിരപ്പ് രേഖപ്പെടുത്തുവാനും ദൂരപരിധിയില്ലാതെ വിവരങ്ങൾ കൈമാറാനും സഹായിച്ചുവരുന്നുണ്ട്. ഇവ സംയോജിപ്പിച്ച് കൂടുതൽ കാര്യക്ഷമമായി ജലവിനിയോഗം നടത്തുന്നതിനുള്ള ഒട്ടോമേഷൻ സംവിധാനം തയാറാക്കി വരുന്നു. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | ജലനിധി പദ്ധതികൾ നടപ്പിലാക്കുന്ന പഞ്ചായത്തുകളിൽ ജല ലഭ്യത ഉറപ്പാക്കുന്നതിനായി സമഗ്ര ജല സുരക്ഷാ രൂപ രേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ള സംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar), എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.<br>KRWS-യുടെ ഭാഗമായ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല സംരക്ഷണവും നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമ പഞ്ചായത്തുകളെ മുൻഗണനാ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് മഴവെള്ളം സംഭരിച്ച് ജല ദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് സൗകര്യം ഒരുക്കിയും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമത്തിനു ഒരുപരിധിവരെ പരിഹാരം കണ്ടെത്തുവാൻ സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളംശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനും മഴക്കുഴികൾ നിർമ്മിച്ച് ഭൂജല പരിപോഷണത്തിനാവശ്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.<br>സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചും നിലവിലുള്ള കിണറുകൾ റീചാർജ്ജ് ചെയ്തും ജലപരിപോഷണം നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**